സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

54 [2191] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, പി. ജയരാജൻ:
,, പി. സി. ജോർജ്:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് അടിയന്തിര നടപടി സ്വീകരിക്കേണ്ടതിലേക്ക് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് എന്തെല്ലാം പ്രശ്നങ്ങളിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ഉറപ്പുകൾ ലഭിച്ചിട്ടുണ്ടെന്നും അവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്ത് വർദ്ധിപ്പിച്ചുകിട്ടുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ, നിക്ഷേപങ്ങൾ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നീ വകകളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് കേന്ദ്രം അനുകൂലമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) വിവിധ തലങ്ങളിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി കേന്ദ്ര പൊതുമേഖലാ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന വനിതകൾക്ക് വനിതാ വോളണ്ടിയർമാരെ നിയമിക്കാൻ നടപടി

55 [2192] ശ്രീ. പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കേരളത്തിൽ നിന്നും കഴിഞ്ഞ വർഷം പതിനായിരത്തോളം ഹാജിമാർ ഹജ്ജിന് പോയിരുന്നതിൽ പകുതിയിലേറെ തീർത്ഥാടകരും വനിതകളായിട്ടും സർക്കാർ നിയമിച്ച മുപ്പത് വാളണ്ടിയർമാരിൽ സ്ത്രീകളാരും ഇല്ലായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വനിതകളായ തീർത്ഥാടകർക്ക് ഉണ്ടായ കഷ്ടപ്പാടുകളും പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളും വനിതാ തീർത്ഥാടകർക്കായി വനിതാ വാളണ്ടിയർമാരെ നിയോഗിക്കുന്നതുപോലെ ഗവൺമെന്റ് ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന വനിതകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2005-ൽ നടക്കാൻ പോകുന്ന ഹജ്ജിന് വനിതാ വാളണ്ടിയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കേരളത്തിൽ നിന്നും കഴിഞ്ഞ വർഷം ഹാജിമാരുടെ സേവനത്തിനായി 19 വാളണ്ടിയർമാരെയാണ് തെരഞ്ഞെടുത്ത് അയച്ചിട്ടുള്ളത്. ഇതിൽ സ്ത്രീകളാരും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ രേഖാമൂലമുള്ള പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നിയമപ്രകാരം ഹാജിമാരുടെ സേവനത്തിനായി വനിതാ വാളണ്ടിയർമാരെ തെരഞ്ഞെടുത്തയയ്ക്കുവാൻ വ്യവസ്ഥയില്ല.

(ഡി) 2006-ലെ ഹജ്ജിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം പുരുഷ വാളണ്ടിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിലുള്ള നിയമ പ്രകാരം വനിതാ വാളണ്ടിയർമാരെ നിയമിക്കുവാൻ വ്യവസ്ഥയില്ല.

ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികൾ

56 [2193] ശ്രീ. എം. മുരളി:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികളിൽ നിന്ന് ഇതുവരെ എത്ര പേരെ കുറവ് ചെയ്തു;

(ബി) ദിനേശ് ബീഡി തൊഴിലാളികളുടെ ശമ്പളത്തിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് കുറവ് വരുത്തിയെന്നും തൻമൂലം സംഘത്തിന് എന്ത് ലാഭമുണ്ടായി എന്നും വെളിപ്പെടുത്താമോ;

(സി) ഇതിനനുസൃതമായി ഇതിന്റെ ഭരണ ചെലവിൽ കുറവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly